പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 12.11.2019 ൽ

നിയമസഭാ ചോദ്യം നമ്പർ 4173 | മറുപടിക്ക്

## പൊതുമേഖലാസ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ മന്ത്രി) |
|---|---|---|
| എ) | വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ ആകെ ലാഭം 2018-19 ൽ എത്ര കോടിയായിരുന്നു എന്നറിയിക്കാമോ; നഷ്ടം എത്ര കോടി; വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തന ലാഭം 155.80 കോടിരൂപയാണ്.<br>ഇതിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മാത്രം മൊത്തം പ്രവർത്തന നഷ്ടം 116.24 കോടിരൂപയാണ്. |
| ബി) | നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഏതൊക്കെ; എത്ര കോടിയുടെ നഷ്ടത്തിലാണ് ഓരോ സ്ഥാപനവും പ്രവർത്തിക്കുന്നത്; വ്യക്തമാക്കുമോ; | ബി) ഉം സി) ഉം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് പ്രകാരം പ്രവർത്തന നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും അവയുടെ നഷ്ടത്തിന്റെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിന്റെ വിവരവും അനുബന്ധമായി ചേർക്കുന്നു. |
| സി) | ഇത്തരത്തിൽ നഷ്ടത്തിലോടുന്ന ഓരോ പൊതുമേഖലാസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്ര; വിശദമാക്കുമോ; | |
| ഡി) | ഈ സർക്കാർ അധികാരമേൽക്കുന്ന സമയത്ത് എത്രയെണ്ണം ലാഭത്തിലായിരുന്നു; എത്രയെണ്ണം നഷ്ടത്തിലായിരുന്നു; എത്രയെണ്ണം അടച്ചു പൂട്ടിയിരുന്നു; അറിയിക്കുമോ; | ഡി) ഈ സർക്കാർ അധികാരമേൽക്കുന്ന സമയം 2015-16 ലെ കണക്കുകൾ പ്രകാരം 8 സ്ഥാപനങ്ങൾ ലാഭത്തിലും 32 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചിരുന്നു.<br>കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പ്രവർത്തനം നിർത്തലാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| ഇ) | കഴിഞ്ഞ സർക്കാർ അടച്ചു പൂട്ടിയ എത്ര സ്ഥാപനങ്ങൾ ഈ സർക്കാർ കാലയളവിനുള്ളിൽ തുറന്ന് പ്രവർത്തിപ്പിച്ചു ആയത് ഏതൊക്കെ സ്ഥാപനങ്ങൾ; ഇതുവഴി എത്രപേർക്ക് തൊഴിൽ നൽകാനായി; വ്യക്തമാക്കാമോ? | ഇ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

വ്യവസായ വകുപ്പിന്റെ അധീനതയിൽ 2018-19 സാമ്പത്തിക വർഷം പ്രവർത്തന നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടത്തിന്റെയും ജീവനക്കാരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| നം. | സ്ഥാപനം | പ്രവർത്തന നഷ്ടം രൂപ കോടിയിൽ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | കെൽപാം | -0.05 | 13 |
| 2 | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | -0.15 | 420 |
| 3 | കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | -0.21 | 9 |
| 4 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -1.29 | 63 |
| 5 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് | -15.11 | 1556 |
| 6 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | -3.23 | 167 |
| 7 | ഹാൻറിക്രാഫ്റ്റ്സ് ഡവലപ്മെന്റ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് | -3.52 | 83 |
| 8 | ഹാൻറക്സ് | -7.69 | 291 |
| 9 | ദി ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -4.49 | 208 |
| 10 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -2.09 | 263 |
| 11 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | -8.01 | 437 |
| 12 | പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -3.09 | 197 |
| 13 | ദി ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ് | -6.44 | 288 |
| 14 | കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ് | -6.57 | 212 |
| 15 | കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് | -6.95 | 596 |
| 16 | സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ് | -6.37 | 336 |
| 17 | കെ.കരുണാകരൻ മെമ്മോറിയൽ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -0.09 | 51 |
| 18 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | -2.86 | 188 |
| 19 | ദി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -4.00 | 268 |
| 20 | മലബാർ സിമൻറ്സ് ലിമിറ്റഡ് | -14.33 | 759 |
| 21 | മാൽക്കോടെക്സ് | -2.05 | 155 |
| 22 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -1.60 | 368 |
| 23 | സെയിൽ എസ്.സി.എൽ കേരള ലിമിറ്റഡ് | -3.55 | 59 |
| 24 | കേരള ക്ലേയിസ് ആൻറ് സിറാമിക്സ് പ്രൊഡക്റ്റ്സ് ലിമിറ്റഡ് | -3.44 | 203 |
| 25 | കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | -6.22 | 219 |
| 26 | ദി കാനന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | -2.84 | 233 |

സെക്ഷൻ ഓഫീസർ